പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 705 | 14-10-2026-ൽ മറുപടിയ്ക്ക്

**<u>ആദിവാസി വയോധികർക്ക് ഓണക്കോടിയും ധനസഹായ വിതരണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. ജി. സ്റ്റീഫൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** തിരുവോണം കഴിഞ്ഞിട്ടും സംസ്ഥാനത്തെ ആദിവാസി വയോധികർക്ക് നൽകേണ്ട ഓണക്കോടിയും ധനസഹായവും വിതരണം ചെയ്തിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** മുൻകാലങ്ങളിൽ മുടങ്ങാതെ നൽകിവന്നിരുന്ന പ്രസ്തുത ആനുകൂല്യം ഇത്തവണ ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്കും കിടപ്പുരോഗികൾക്കും നിഷേധിക്കപ്പെടുന്ന തരത്തിൽ നിബന്ധനകൾ ഏർപ്പെടുത്തിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്കും കിടപ്പ് രോഗികൾക്കും ആനുകൂല്യം നിഷേധിക്കപ്പെടുന്ന തരത്തിൽ നിബന്ധനകൾ ഏർപ്പെടുത്തിയിരുന്നില്ല. ബാങ്ക് അക്കൗണ്ട് ഇല്ലാത്തവർക്ക് ആനുകൂല്യം പണമായി നൽകിയിട്ടുണ്ട്.

**(സി)** ഓണക്കോടിക്ക് പകരമായി തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറാൻ വൈകി ഉത്തരവിറക്കിയതിലൂടെ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേർക്കും ഓണത്തിന് മുമ്പ് പ്രസ്തുത സഹായം ലഭിച്ചില്ലെന്ന ആക്ഷേപം വാസ്തവമാണോ;

**<u>മറുപടി:</u>** ഓണക്കോടിക്ക് പകരമായി തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് കാലതാമസം കൂടാതെ എത്തിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. ഭൂരിഭാഗം പേർക്കും ഓണത്തിനുമുമ്പ് പ്രസ്തുത സഹായം ലഭിച്ചിരുന്നു.

**(ഡി)** ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനായി തുക അനുവദിച്ചിട്ടും അർഹരായ കിടപ്പുരോഗികൾ ഉൾപ്പെടെയുള്ള ആദിവാസി വയോധികർക്ക് സഹായം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യാനും തയ്യാറാകുമോ എന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിന്റെ അപ്ഡേഷനും ആധാർ ലിങ്കിങ്ങും നടക്കാത്ത ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചെങ്കിലും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകാത്ത സാഹചര്യം ഉണ്ടെന്ന കണ്ടെത്തിയാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**